ISSN:2582-550X

# Forensic Linguistics: Fields and Approaches

**Dr. Saidalavi C**

*The present study intends to make an overview of the subject matter, fields and major approaches of forensic linguistics, a relatively new discipline introduced in the linguistics circle of Kerala. It evaluates the history and development of Forensic Linguistics, citing the milestones in the use of linguistic evidence in legal proceedings. The study introduces the major fields of forensic linguistic enquiry including author identification, forensic stylistics, discourse analysis, and forensic phonetics. Referring to the major legal cases across the globe, the study identifies some theoretical and methodological issues in using linguistics evidence in legal domains. Legal complications born out of the issue of morphological meaning, phonemic similarity, syntactic complexities, grammatical and lexical ambiguity, pragmatic meaning, and idiolect are discussed in detail citing the relevant cases in this field, and using the living examples in the context of Malayalam language. As an emerging discipline the academic and professional scope of forensic linguistics in Kerala is also discussed in this study.*

**Keywords:** Forensic linguistics, language of the law, analytical toolkit, textual analysis, forensic discourse analysis, syntactic complexities, lexical and grammatical ambiguity, author identification, plagiarism,

pragmatics, idiolect, forensic phonetics, acoustic phonetics, speaker identification.

**References:**

Brazil, D.C. (1985) The Communicative Value of Intonation, Birmingham: English Language Research.

Broeders, A.P.A. and Rietveld, A.C.M. (1995) 'Speaker identifi cation by earwitnesses', in A. Braun and J.-P. Köster (eds) Studies in Forensic Phonetics, Trier: Wissenschaftlicher Verlag, 24–40.

French, J.P. (1994) 'An overview of forensic phonetics', Forensic Linguistics, 1, ii, 169–81

Grice, H.P. (1975). "Logic and Conversation," *Syntax and Semantics*, vol.3 edited by P. Cole and J. Morgan, Academic Press. Reprinted as ch.2 of Grice 1989, 22–40.

Jan Svartvik. (1968). The Evans statement: a case of forensic linguistics. Gotenberg: University of Gotenberg

Kaplan, J.P., Green G.M., Cunningham, C.D. and Levi J.N. (1995) 'Bringing linguistics into judicial decision making: semantic analysis submitted to the US Supreme Court', Forensic Linguistics, 2, i, 81–98.

Levi, J.N. (1993) Language as evidence: the linguist as expert witness in North American Courts. Forensic Linguistics, 1, i, 1–26.

Malcom Coulthard and Alison Johnson. (2007). An Introduction to Forensic Linguistics: Language in Evidence. London: Routledge

Philbrick, F.A. (1949) Language and the Law: The semantics of forensic English, New York: Macmillan

Roy Monsefi. (2012). Language in Criminal Justice: Forensic Linguistics in Shipman trail. International Journal of Law, Language & Discourse 2 (2), 43-69

Shuy, (1993) Language Crimes: the use and abuse of language evidence in the courtroom, Cambridge, MA: Blackwell.

**Dr. Saidalavi C**
Asso. Professor
Malayalam University
Vakkad PO
India
Pin: 676502
Ph: +91 9895012935
Email: drsaid@temu.ac.in

ISSN:2582-550X

# കുറ്റാന്വേഷണഭാഷാശാസ്ത്രം: മേഖലകൾ സമീപനങ്ങൾ

**ഡോ. സെയ്തലവി സി**

ഭാഷാകുരുക്കുകളൊരുക്കുന്ന നിയമപ്രശ്നങ്ങളുടെയും അവ അഴിയ്ക്കാൻ ഭാഷാശാസ്ത്രവൈദഗ്ധ്യം തേടുന്ന വിധി ന്യായസന്ദർഭങ്ങളുടെയും ശാസ്ത്രീയചർച്ചകൾക്ക് ആക്കം വർധിച്ചത് കഴിഞ്ഞ രണ്ടോ മൂന്നോ ദശകങ്ങൾക്കിടെയാണ്. ഭാഷാവിശകലനത്തിലൂടെ കുറ്റം തെളിയിക്കേണ്ടി വന്ന പ്രമാദമായ ചില കേസുകളാണ് യു.കെയിൽ ഭാഷ കേന്ദ്രീകരിച്ചുള്ള കുറ്റാന്വേഷണത്തിന് അടിസ്ഥാനമിട്ടത്. ഭിഷഗ്വരനായിരുന്ന ഡോ. ഹാരോൾഡ് ഷിപ്പ്മാന്റെ പേരിൽ 2000-ത്തിൽ ആരോപിക്കപ്പെട്ട കൊലപാതകപരമ്പരകളെക്കുറിച്ചുള്ള അന്വേഷണമാണ് ഈ രംഗത്തെ പ്രധാനവഴിത്തിരിവ്. റോയ മോൻസെഫി (2002) ഈ കേസിന്റെ പശ്ചാത്തലം ഇനി പറയും പ്രകാരം വിശദീകരിക്കുന്നു. ഷിപ്പ്മാന്റെ ചികിത്സയിലിരിക്കെ മരിക്കുന്ന വയോധികരുടെ അസ്വാഭാവികമായ എണ്ണക്കൂടുതലിനെക്കുറിച്ച് പല കോണുകളിൽ നിന്നും സംശയമുയർന്നിരുന്നുവെങ്കിലും സംശയാതീതമായ തെളിവുകളുടെ അഭാവത്തിൽ അവയെല്ലാം സ്വാഭാവികമരണമായി കണക്കാക്കിപ്പോരുകയായിരുന്നു യു.കെയിലേ പോലീസ് വകുപ്പ്. ഇക്കൂട്ടത്തിൽ കാഥലിൻ ഗ്രന്ദിയുടെ മരണവുമായി ബന്ധപ്പെട്ട് അവരുടെ മകൾ ഏയ്ഞ്ചലോ വുഡ്റഫ് ഉയർത്തിയ ആരോപണങ്ങളാണ് ഡോ. ഹാരോൾഡ് ഷിപ്പ്മാൻ എന്ന കൊടുംകൊലപാതകിയെ വെളിച്ചത്തുകൊണ്ടുവരാൻ ഇടയാക്കിയത്. മരണശേഷം സ്വത്തിന്റെ വലിയൊരു ഭാഗത്തിന് ഡോ. ഷിപ്പ്മാനെ അവകാശിയാക്കുന്ന തരത്തിൽ കാഥലിന്റേതായി കണ്ടെടുത്ത വിൽപത്രം വ്യാജമാണെന്നും അത് ഡോക്ടർ തന്നെ തയ്യാറാക്കിയതാണെന്നും ഏയ്ഞ്ചല ആരോപ

ണമുന്നയിച്ചു. അമ്മ നേരത്തെ തയ്യാറാക്കിയ വിൽപത്രത്തിലെ ഭാഷയും പുതിയ വിൽപത്രത്തിലെ ഭാഷയും തമ്മിലുള്ള അന്തരം തെളിയിക്കാനായതിലൂടെയാണ് വയോധികരുടെ കൊലപാതകം വിനോദമാക്കിയ ഡോ. ഷിപ്പ്മാൻ ജയിലിലായത്. അപ്പോഴേക്കും ഇരുനൂറ്റി പതിനഞ്ചോളം വയോധികൾ ആ ഡോക്ടറുടെ കൈകളാൽ കൊല്ലപ്പെട്ടിരുന്നു. ജയിലിൽ വച്ച് ഡോക്ടർ പിന്നീട് ആത്മഹത്യചെയ്യുകയാണുണ്ടായത്. കുറ്റാന്വേഷണഭാഷാശാസ്ത്രമെന്ന വിജ്ഞാനശാഖയുടെ അസ്ഥിവാരമുറപ്പിച്ച കേസ് എന്ന നിലയ്ക്കാണ് ഈ സംഭവം ഇവിടെ വിശദീകരിച്ചത്. കുറ്റാന്വേഷണരേഖാ പരിശോധകർ എന്ന നിലയിൽ ഭാഷാശാസ്ത്രജ്ഞരുടെ സേവനം നിയമമേഖലയിൽ അനുപേക്ഷണീയമാക്കിയതിൽ ഡോ. ഷിപ്പ്മാൻ കേസും അതിന് മുമ്പും പിമ്പും വന്ന ചില കേസുകളും നിർണായകമായിതീർന്നു.

ഡോ.ഷിപ്പ്മാൻ കേസിനു വളരെ മുമ്പുതന്നെ ഭാഷയെ ബന്ധിപ്പിച്ച് ഫോറൻസിക് അഥവാ കുറ്റാന്വേഷണം എന്ന പദം മറ്റു പലരും ഉപയോഗിച്ചിരുന്നു. ഫിൽബ്രിക്കിനെയാണ് (1949) ആണ് ഇക്കൂട്ടത്തിൽ അമരക്കാരനായി കോൽഥാഡും ജോൺസനും (2007:5) കണക്കാക്കുന്നത്. ഫ്രിൽബ്രിക്കിന്റെ ലീഗൽ ഇംഗ്ലീഷ്, ലാംഗ്വേജ് ആന്റ് ലോ: ദി സെമാന്റിക്സ് ഓഫ് ഫോറൻസിക് ഇംഗ്ലീഷ് എന്ന പുസ്തകശീർഷകത്തിലാണ് ഫോറൻസികിനെ ഭാഷയുമായി ബന്ധിപ്പിക്കുന്ന പദസംഹിത ആദ്യം ഉപയോഗിച്ചതെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ നിയമരംഗത്ത് കുറ്റാന്വേഷണ ഭാഷാവൈദഗ്ധ്യം ഒഴിച്ചുകൂടാനാവാത്തതാണെന്ന് ആദ്യം ചൂണ്ടിക്കാട്ടിയവരിൽ പ്രധാനി ജാൻസ്വാർത്വിക് (1968) ആണ്. അദ്ദേഹത്തിന്റെ 'ഇവാൻസിന്റെ മൊഴികൾ: കുറ്റാന്വേഷണ ഭാഷാശാസ്ത്ര കേസ്' എന്ന ഗ്രന്ഥമാണ് കുറ്റാന്വേഷണഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രം നിർണയിക്കുന്നതിൽ സുപ്രധാന നാഴികക്കല്ലായി മാറിയത്.

50കളും 60കളും കുറ്റാന്വേഷണഭാഷാശാസ്ത്രത്തിന്റെ ബീജാങ്കുരകാലം മാത്രമായിരുന്നു. കുറ്റാന്വേഷണത്തിൽ ഭാഷാവൈദഗ്ധ്യത്തിന്റെ പങ്ക് നിയമവൃത്തങ്ങൾ അംഗീകരിക്കാൻ തുടങ്ങിയിരുന്നുവെങ്കിലും ജ്ഞാനധാരയെന്ന നിലയിൽ അതിന്റെ പുരോഗതി മന്ദഗതിയിലായിരുന്നു. തർക്കവിഷയമാകാറുള്ള മൊഴികളിലെയും കുറ്റസമ്മതങ്ങളിലെയും ഭാഷാപരമായ വൈരുദ്ധ്യങ്ങൾ ചൂണ്ടിക്കാണിക്കുന്ന ഒറ്റപ്പെട്ട ചില ലേഖനങ്ങളിൽ മാത്രമായി അവ ഒതുങ്ങുകയാണുണ്ടായത്. ഭാഷാജ്ഞാനത്തിലൂന്നിയ വൈയക്തികമായ ധിഷ

ണാപ്രയോഗങ്ങൾക്കപ്പുറം നെല്ലും പതിരും തിരിച്ചറിയുവാനുതകുന്ന വിശകലനരീതിശാസ്ത്രം വികസിപ്പിക്കാൻ ഇക്കാലത്ത് കാര്യമായ ശ്രമങ്ങളുണ്ടായില്ല. ഇക്കഴിഞ്ഞ വെറും നാല് ദശകങ്ങൾക്കിടെയാണ് കുറ്റാന്വേഷണഭാഷാശാസ്ത്രം അഭൂതപൂർവമായ വികാസം കൈവരിച്ചതെന്ന് കൊൽഥാഡും ജോൺസനും (2007) ചൂണ്ടിക്കാട്ടുന്നു. കഴിഞ്ഞ കാൽനൂറ്റാണ്ടിനിടെ വിവിധ രാജ്യങ്ങളിലെ കോടതികൾ നിരവധി പ്രമാദമായ കേസുകളിലെ വിധിതീർപ്പിന് ഭാഷാവിദഗ്ധരെ ആശ്രയിച്ചതായി നിരവധി കേസുകൾ ഉദ്ധരിച്ച് റോയ മോൻസെഫി (2020) തെളിയിക്കുന്നു. ഏറ്റവുമൊടുവിൽ, 'ഹിജാബി'നെതിരായ കർണാടക ഹൈക്കോടതിവിധി പ്രധാനമായി ഒരു കോശിമത്തെയും അതിന്റെ ആർഥികസന്ദർഭത്തെയും ആശ്രയിച്ചുള്ളതായിരുന്നുവെന്നതും ശ്രദ്ധേയമാണ്.

കഴിഞ്ഞ ഒരു ദശകത്തിനിടെ കുറ്റാന്വേഷണഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രം എന്തായിരിക്കണമെന്നതിനെക്കുറിച്ച് ഏറെക്കുറെ വ്യക്തതവന്നുതുടങ്ങിയിട്ടുണ്ട്. പലരാജ്യങ്ങളിലും കോടതികൾ മുഴുവൻസമയകുറ്റാന്വേഷണഭാഷാശാസ്ത്രജ്ഞരെ നിയോഗിച്ച് തുടങ്ങിയിട്ടുമുണ്ട്. ഐ. എ. എഫ്. എൽ (ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് ഫോറൻസിക് ലിംഗ്വിസ്റ്റ്സ്), ഐ. എ. എഫ്. പി. എ (ഇന്റർനാഷണൽ അസോസിയേഷൻ ഫോർ ഫോറൻസിക് ഫൊനറ്റിക്സ് ആന്റ് അകൗസ്റ്റിക്സ്) എന്നീ രണ്ട് പ്രൊഫഷണൽ സംഘടനകളുടെ പങ്ക് ഈ രംഗത്ത് എടുത്തുപറയേണ്ടതാണ്. 1994-ൽ ഫോറൻസിക് ലിംഗ്വിസ്റ്റിക്സ് എന്ന പേരിൽ ആരംഭിക്കുകകയും 2003-ൽ ഇന്റർനാഷണൽ ജേണൽ ഓഫ് സ്പീച്ച്, ലാംഗ്വേജ് ആന്റ് ദി ലോ എന്ന പേര് മാറ്റുകയും ചെയ്ത ജേണലിലൂടെയാണ് കുറ്റാന്വേഷണഭാഷാശാസ്ത്രരംഗത്തെ നൂതനപ്രവണതകൾക്ക് പ്രചാരം സിദ്ധിക്കുന്നത്.

മക്ഡൊണാൾഡ്, ഗൂഗിൾ തുടങ്ങിയ വ്യാപാരനാമങ്ങൾ സംബന്ധിച്ച തർക്കത്തിൽ ഒറ്റയൊറ്റ രൂപിമങ്ങളുടെ നിഷ്പത്തിയും ആർഥികസന്ദർഭവും സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തതവരുത്തുവാനും കോടതി ഭാഷാശാസ്ത്രജ്ഞരുടെ സേവനം സ്വീകരിച്ചിരുന്നു. സാഹിത്യചോരണം സംബന്ധിച്ച കേസുകൾ ഭാഷാശാസ്ത്രജ്ഞരോട് സുദീർഘമായ പദസംഹിതകളുടെയും വാക്യങ്ങളുടെയും ശാസ്ത്രീയവിശകലനവും ആധികാരിത സംബന്ധിച്ച തെളിവുകളും ആവശ്യപ്പെടാറുണ്ട്. കൊലപാതകം പോലുള്ള ഗുരുതരകുറ്റകൃത്യങ്ങളിലാകട്ടെ വ്യാജരേഖയെന്ന ആരോപണം നേരിടുന്ന കനപ്പെട്ട പാഠം (text) ആധാകാരികതയുറപ്പിക്കുവാനായി മൊത്തമായി വിശ

കലനവിധേയമാക്കേണ്ടിവരും. ഇന്ന് കുറ്റാന്വേഷണഭാഷാശാസ്ത്രത്തിൽ മാനകമായ വിശകലനോപാധികൾ വികസിച്ചിട്ടുണ്ട്. പൊതുസ്വഭാവമുള്ള പല കേസുകൾക്കും ഒരേ വിശകലനോപകരണസഞ്ചയം (Anlytical Toolkit) തന്നെയാണ് ഉപയോഗിച്ചുവരുന്നത്. വിവരണാത്മകഭാഷാശാസ്ത്രത്തിലെ സങ്കല്പനങ്ങൾക്കും രീതികൾക്കുമാണ് മിക്ക കേസുകളുടെ വിശകലനത്തിലും പ്രാമുഖ്യം ലഭിക്കാറുള്ളത്. എന്നാൽ വൈയക്തികഭാഷാപ്രയോഗങ്ങളിലും വാമൊഴിരൂപങ്ങളിലും പൂണ്ടുകിടക്കുന്ന അപൂർവമായ തെളിവുകൾ വെളിച്ചത്തെത്തിക്കാൻ വ്യതിരിക്തവും അനന്യവുമായ രീതിശാസ്ത്രവും സ്വീകരിക്കേണ്ടിവരാറുണ്ട്. കുറ്റാന്വേഷണത്തിന്റെ സ്വഭാവമനുസരിച്ച് സമൂഹശാസ്ത്രം, നരവംശശാസ്ത്രം, മനഃശാസ്ത്രം, നിയമം തുടങ്ങിയ വിവിധ വിജ്ഞാനധാരകളെ ഉൾക്കൊള്ളുന്ന അന്തർ-ബഹുവൈജ്ഞാനിക സമീപനമാണ് കുറ്റാന്വേഷണഭാഷാശാസ്ത്രത്തിൽ ഇന്ന് പ്രാമുഖ്യം കൈവരിക്കുന്നത്. എഴുപതുകളിൽ ഭാഷാശാസ്ത്രരംഗത്ത് വ്യവഹാരാപഗ്രഥനത്തിന് കൈവന്ന സമ്മതിയുടെ അനുരണനങ്ങൾ കുറ്റാന്വേഷണഭാഷാശാസ്ത്രത്തിലും കാണാനാകും. കുറ്റാന്വേഷണഭാഷാശാസ്ത്രത്തിനകത്ത് കുറ്റാന്വേഷണവ്യവഹാരാപഗ്രഥനം (Forensic Discourse Analysis) എന്ന പുതിയ ധാര തന്നെ ഇപ്പോൾ ഉരുത്തിരിഞ്ഞ് വരുന്നുണ്ട്.

സ്വനം, സ്വനിമം, രൂപിമം, വാക്യം, കോശിമം, വ്യവഹാരം, പാഠം, പ്രകരണം തുടങ്ങിയ ഭാഷാപഗ്രഥനത്തിന്റെ സമസ്തതലങ്ങളെയും സ്പർശിക്കുന്നവിധം വിശകലനോപകരണസഞ്ചയങ്ങൾ വികസിപ്പിക്കാനുള്ള ശ്രമങ്ങൾ കുറ്റാന്വേഷണഭാഷാശാസ്ത്രത്തിൽ സജീവമാണ്. കൊൽഥാർഡും ജോൺസനും (2007) അവതരിപ്പിക്കുന്ന ഏതാനും മാതൃകകൾ ഇനി ചർച്ചചെയ്യുന്നു.

**രൂപിമാർഥവും സ്വനസാരൂപ്യവും കുറ്റാന്വേഷണത്തിൽ**

ലോകപ്രശസ്തമായ പല വ്യാപാരനാമങ്ങളുടെയും രൂപിമാർഥവ്യം സ്വനസാരൂപ്യവും സംബന്ധിച്ച കേസുകളിൽ തീർപ്പുകൽപ്പിക്കുന്നതിൽ ഭാഷാശാസ്ത്രവിശകലനം നിർണായകമായിരുന്നുവെന്ന് കാണാം. മക്ഡൊണാൾഡ് കോർപ്പറേഷനും ക്വാളിറ്റി ഇൻ ഇന്റർനാഷണലും തമ്മിൽ 'Mc' എന്ന രൂപിമത്തെ ചൊല്ലി നടന്ന തർക്കം ഇതിന് ഉത്തമോദാഹരണമാണ്. 'McDonald' എന്ന പേരിന്റെ മാത്രമല്ല അതിലെ 'Mc' എന്ന രൂപിമത്തിന്റെയും ഉടമസ്ഥാവകാശം തങ്ങൾക്ക് മാത്രമാണെന്നും വ്യാപാരനാമമായി ഇത് മറ്റാർക്കും ഉപയോഗിക്കാനാവില്ലെന്നുമായിരുന്നു 'McDonald' കമ്പനിയുടെ വാദം. 'Mcsleep' എന്ന പേരിൽ ക്വാളിറ്റി ഇൻസ് ഹോട്ടൽ

ശൃംഖലയ്ക്ക് തുടക്കമിട്ടതാണ് തർക്കത്തിന് വഴിവച്ചത്. Mc എന്നത് സ്കോട്ടിഷ് ഭാഷയിലെ സവിശേഷ രൂപിമമാണ് എന്നും അത് 'McDonald'ന് സ്വകാര്യസ്വത്താക്കാനാവില്ല എന്നുമായിരുന്നു ക്വാളിറ്റി ഇൻസിന്റെ മറുവാദം. McFries, McFish, McShakes തുടങ്ങിയ Mc പുരഃപ്രത്യയമായി തങ്ങൾ നിർമിച്ച മക്ഭാഷയിലെ (McLanguage) നിരവധിപദങ്ങൾ നിരത്തിയാണ് മക്ഡൊണാൾഡ് കമ്പനി ഈ വാദത്തെ ഖണ്ഡിച്ചത്. Mc ചേർന്ന ഉൽപ്പന്നങ്ങൾ കാലങ്ങളായി കൈവരിച്ച പ്രശസ്തിമൂല്യം കവരാനാണ് ക്വാളിറ്റി ഇൻസ് കമ്പനിയുടെ ശ്രമമെന്നും അവർ ആരോപിച്ചു. Son of എന്ന അർഥത്തിൽ സ്കോട്ട്ലാന്റ്കാരും അയർലാന്റ്കാരും നൂറ്റാണ്ടുകളായി ഉപയോഗിച്ചുപോരുന്ന Mc എന്ന രൂപിമം ഒരു സ്വകാര്യകമ്പനി സ്വന്തമാക്കുന്നത് ഭാഷാസാമ്രാജ്യത്വമായിപ്പോലും അക്കാലത്ത് വ്യാഖ്യാനിക്കപ്പെട്ടു.

ഈ കേസിൽ തെളിവുനൽകേണ്ടിയിരുന്ന ഭാഷാശാസ്ത്രജ്ഞൻ ഷുയ് കോർപ്പസ് ഭാഷാശാസ്ത്രത്തെയാണ് കാര്യമായി ഉപജീവിച്ചത്. മാക്രൂപിമങ്ങളുടെ (McMorphemes) നീണ്ടനിരയുൾക്കൊള്ളുന്ന കോർപ്പസ് കോടതിയ്ക്ക് മുമ്പിൽ ഹാജരാക്കി കോർപ്പസ് വിശകലനത്തിലൂടെ തനത് അർഥമുള്ള സ്വതന്ത്രകോശിമമാണ് Mc എന്നും "മൗലികമായ, സൗകര്യപ്രദമായ, ആദായകരമായ, ഗുണനിലവാരമുള്ള" എന്നീ വിശേഷണാർഥത്തിൽ പൊതുവ്യവഹാരത്തിൽ ഈ പദം ഉപയോഗിച്ച് പോരുന്നുണ്ടെന്നും ഷുയ് വാദിച്ചു. കോർപ്പസിൽ നിന്നുള്ള ഭാഷാശാസ്ത്രപരമായ ഈ തെളിവിനെ ഖണ്ഡിക്കാനായി കമ്പോളഗവേഷകരെയാണ് മക്ഡൊണാൾഡ് കമ്പനി ആശ്രയിച്ചത്. പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലികളുടെയും അഭിമുഖങ്ങളുടെയും അടിസ്ഥാനത്തിൽ ശേഖരിച്ച Mc എന്ന രൂപിമത്തെക്കുറിച്ചുള്ള പൊതുജനാവബോധമാണ് അവർ കോടതിയ്ക്കുമുമ്പിൽ തെളിവായി നിരത്തിയത്. Mc എന്നത് മാക്ഡൊണാൾഡ് ഉൽപ്പന്നങ്ങളോട് ബന്ധപ്പെടുത്തിയാണ് പൊതുജനങ്ങൾ ഉൾക്കൊള്ളുന്നതെന്ന് കോടതിയ്ക്കുമുമ്പിൽ സ്ഥാപിക്കുന്നതിൽ അവർ വിജയിക്കുകയും വിധി മാക്ഡൊണാൾഡിന് അനുകൂലമാകുകയും ചെയ്തു. വ്യാപാരനാമതർക്കത്തിൽ ഭാഷാവിദഗ്ധരെ ആശ്രയിക്കാൻ കോടതി നിർബന്ധിതമായി എന്നതാണ് കുറ്റാന്വേഷണ ഭാഷാശാസ്ത്രത്തിൽ ഈ കേസിനുള്ള പ്രസക്തി.

വിവിധവ്യാപാരമുദ്രകളിലെ സ്വനസാരൂപ്യവും ഇത്തരത്തിൽ തർക്കവിഷയമാകാറുണ്ട്. ആസ്ത്രേലിയയിൽ Alkeran, Arclan എന്നീ മരുന്നുകളുടെ പേരിലുണ്ടായ തർക്കവും യൂറോപ്പിൽ Guk, GAK എന്നീ

കളിപ്പാട്ട ലേബലുകളെച്ചൊല്ലിയുള്ള തർക്കവും ഈ ഗണത്തിൽപ്പെട്ട വയാണ്. ഈ ജോഡികളെല്ലാം ഉച്ചാരണപരമായി ഒന്നുതന്നെ യാണോ എന്ന തീർപ്പിലെത്താൻ കോടതികൾക്ക് ഭാഷാശാസ്ത്ര ജ്ഞരെ ആശ്രയിക്കുകയേ നിർവാഹമുള്ളൂ.

**വാക്യഘടനാസങ്കീർണതകൾ**

വാക്യഘടനാസങ്കീർണതയുമായി ബന്ധപ്പെട്ട് വിദഗ്ധ യെന്ന നിലയിൽ കോടതിയിൽ നൽകിയ ഒരു മൊഴിയെക്കുറിച്ച് ലെവി (1993) എഴുതിയിട്ടുണ്ട്. സാമ്പത്തികാനുകൂല്യത്തിനുള്ള അവ കാശമുന്നയിക്കുന്നതിനായി ഒരു കമ്പനി ഗുണഭോക്താക്കൾക്ക് നൽകിയ നിർദ്ദേശങ്ങളും വ്യവസ്ഥകളും സംബന്ധിച്ചായിരുന്നു കേസ്. പരാതിക്കാർക്ക് ലഭിച്ച നിർദ്ദേശങ്ങളും വ്യവസ്ഥകളും ഭാഷാ പരമായി ക്ലിഷ്ഠവും പരാതിക്കാരെ അവരുടെ അവകാശങ്ങൾ ബോധ്യപ്പെടുത്തുവാൻ അപര്യാപ്തവുമായിരുന്നു എന്നതായിരുന്നു വാദത്തിന്റെ കാതൽ. നിർദ്ദേശങ്ങളും വ്യവസ്ഥകളും സംബന്ധിച്ച 'പാഠം' ഭാഷാവിദഗ്ധയെന്ന നിലയിൽ ലെവി അപഗ്രഥിക്കുകയും കോടതിക്കു മുമ്പാകെ തെളിവുകൾ നൽകുകയും ചെയ്തു. സങ്കീർണ മായ വാക്യഘടന 'പാഠ'ത്തിന്റെ യഥാർഥ സത്തയുൾക്കൊള്ളുന്നത് തടസ്സപ്പെടുത്തുംവിധമാണെന്ന് അവർ വാദിച്ചു. നിഷേധക്രിയകളുടെ ഇരട്ടിപ്പ്, നിഗൂഢപദയോഗങ്ങൾ, വിചിത്രനാമീകരണം, കർത്താവി ല്ലാത്ത കർമണിപ്രയോഗങ്ങൾ, അയുക്തികമായ രീതിയിലുള്ള ഗതി കളുടെയും ഉപാധിസൂചകങ്ങളുടെയും ചേരുവകൾ (eg. and or, if and unless), അർഥസന്ദിഗ്ധതയുണ്ടാക്കുന്ന സങ്കീർണസമാസങ്ങൾ എന്നിവ നിരത്തിയാണ് വിശകലനവിധേയമാക്കിയ പാഠം ഗ്രഹണ യോഗ്യമല്ലെന്നും അയുക്തികമാണെന്നും സ്ഥാപിക്കാൻ അവർ ശ്രമിച്ചത് (കൊൽഥാർഡ് & ജോൺസൻ 2007: 123-124). വാക്യഘട നാതലത്തിലൂന്നിയും കുറ്റാന്വേഷണഭാഷാശാസ്ത്രജ്ഞർക്ക് കോട തിയിൽ വിദഗ്ധമൊഴി നൽകേണ്ടി വരുമെന്നതിനുള്ള ഉദാഹരണ മാണ് മുകളിൽ സൂചിപ്പിച്ചത്.

**കോശീയ-വ്യാകരണിക സന്ദിഗ്ധതകൾ**

കോശീയവും വ്യാകരണികവുമായ സവിശേഷതകൾ ഉണ്ടാ ക്കുന്ന അർഥസന്ദേഹങ്ങൾ പലപ്പോഴും തർക്കവിഷയമാകാറുണ്ട്. അത്തരമൊരു അർഥസന്ദേഹത്തെക്കുറിച്ച് കപ്ലാനും കൂട്ടരും (1995) തയ്യാറാക്കിയ റിപ്പോർട്ട് കോടതിവിധിയെ സ്വാധീനിച്ചതായി കൊൽഥാഡും ജോൺസനും (2007) ഉദ്ധരിച്ചിട്ടുണ്ട്.

തപാൽ വിതരണക്കാരനായ ഗ്രാന്റേഴ്സൺ എന്നയാൾ ഒരു കത്ത് നശിപ്പിച്ചു എന്നതായിരുന്നു കുറ്റം. നിയമപ്രകാരം ഗ്രാന്റേ

ഴ്സണ് ആറുമാസത്തെ തടവോ പിഴയോടുകൂടിയ നല്ലനടപ്പോ (Probation) ആയിരുന്നു ശിക്ഷയായി നൽകേണ്ടിയിരുന്നത്. തടവിന് പകരം പിഴയൊടുക്കിക്കൊണ്ടുള്ള അഞ്ചുവർഷത്തെ (60 മാസം) നല്ലനടപ്പാണ് ജഡ്ജ് ശിക്ഷയായി നൽകിയത്. നല്ലനടപ്പുകാലയളവിൽ കൊകെയ്ൻ കൈവശം വച്ചതിന് ഗ്രാന്റേഴ്സൺ പിടിക്കപ്പെട്ടു. അത് നല്ലനടപ്പിന്റെ ലംഘനമായി കോടതി കണക്കാക്കി. ഇത്തരം സാഹചര്യത്തിൽ നല്ലനടപ്പ് റദ്ദ് ചെയ്യണമെന്നും പ്രതിയ്ക്ക് യഥാർഥ ശിക്ഷയുടെ മൂന്നിലൊരുഭാഗം ശിക്ഷ നൽകണമെന്നുമാണ് വ്യവസ്ഥ. പ്രസ്തുതവ്യവസ്ഥയുടെ ഇംഗ്ലീഷ് ഇപ്രകാരമാണ്.

“revoke the sentence of probation and sentence the defendant do not less than one third of the original sentence"

ഈ വ്യവസ്ഥയുടെ വ്യാഖ്യാനം കോടതിയിൽ ഏറെ പ്രയാസം സൃഷ്ടിച്ചു. നല്ലനടപ്പുകാലയളവായ 60 മാസത്തെ ‘യഥാർഥശിക്ഷ’യായി പരിഗണിക്കുമ്പോൾ അതിന്റെ മൂന്നിലൊരുഭാഗം എന്നത് 20 മാസമേ ആകുകയുള്ളൂ.

വിധിപ്രസ്താവനസമയത്ത് ഗ്രാന്റേഴ്സൺ നല്ലനടപ്പിന്റെ 40 മാസങ്ങൾപോലും തികയ്ക്കാത്തതിനാൽ കൂടുതലായി ലഭിക്കുന്ന 20 മാസത്തെ ശിക്ഷ അദ്ദേഹത്തിന് ആദ്യം ലഭിച്ച 60 മാസത്തെക്കാൾ അധികമാകില്ല. അങ്ങനെ വരുമ്പോൾ കൊകെയ്ൻ കൈവശം വച്ചതിന് ശിക്ഷയൊന്നും നൽകാത്ത അവസ്ഥയുണ്ടാകും. ഇത് മറികടക്കാൻ കോടതി ഗ്രാന്റേഴ്സണ് 20 മാസത്തെ ജയിൽ ശിക്ഷയാണ് വിധിച്ചത്. 20 മാസം എന്നത് വിധിച്ച നല്ലനടപ്പ് കാലയളവിന്റെ മൂന്നിലൊന്ന് ആകുമെങ്കിലും പരമാവധി ജയിൽവാസമായ 6 മാസത്തിന്റെ മൂന്ന് മടങ്ങ് അധികശിക്ഷ അനുഭവിക്കാൻ അത് ഇടവരുത്തും.

ഇത് നേരത്തെ ഉദ്ധരിച്ച വ്യവസ്ഥയുടെ ദുർവ്യാഖ്യാനമാണെന്നും ഭാഷാശാസ്ത്രദൃഷ്ട്യാ ഇത് വകവയ്ക്കാനാവില്ലെന്നും കപ്ലാനും കൂട്ടരും (1995) ഒരു ലേഖനത്തിലൂടെ വാദിച്ചു. കോടതിയിൽ നേരിട്ട് ഹാജരായി തങ്ങളുടെ വാദമുഖങ്ങൾ അവതരിപ്പിക്കാൻ കപ്ലാനും സംഘത്തിനും അവസരം ലഭിച്ചിരുന്നില്ല. ‘യഥാർഥശിക്ഷ’യ്ക്ക് തടവ് എന്ന വ്യവസ്ഥയും ‘ശിക്ഷാകാലയളവിന്’ നല്ലനടപ്പ് എന്ന വ്യവസ്ഥയും സ്വീകരിച്ച കോടതി, വ്യവസ്ഥയിലെ അർഥസന്ദേഹത്തെ ഒട്ടും പരിഗണിച്ചില്ലെന്ന് അവർ ചൂണ്ടിക്കാട്ടി. ഇത് സ്ഥാപിക്കുന്ന അക്കാദമികലേഖനം അവർ ഗ്രാന്റേഴ്സന്റെ അപ്പീൽ പരിഗണിക്കുന്ന സുപ്രീംകോടതി ജഡ്ജുമാർക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ലേഖനത്തിലൂടെ കപ്ലാനും കൂട്ടരും മുന്നോട്ടുവച്ച ഭാഷാശാസ്ത്രാധിഷ്ഠിത വാദമുഖങ്ങൾ അംഗീകരിച്ച കോടതി

ഗ്രാന്റേഴ്സന്റെ ശിക്ഷാകാലാവധി 2 മാസമായി (6 മാസത്തിന്റെ മൂന്നിലൊന്ന്) ചുരുക്കി. ഇതിനകം 11 മാസം ജയിലിൽ കിടന്ന ഗ്രാന്റേ ഴ്സനെ ഉടൻ മോചിപ്പിക്കുകയും ചെയ്തു. വ്യാകരണികവും കോശീയവുമായ അർഥസന്ദേഹങ്ങൾ കോടതയിൽ സൃഷ്ടിക്കുന്ന നൂലാമാലകളിൽ ഭാഷാവിദഗ്ധരുടെ സേവനം അത്യാവശ്യമാണെന്ന് ഈ കേസ് തെളിയിക്കുന്നു.

**കോശീയാർഥം**

ഒറ്റയൊറ്റ വാക്കുകളുടെ അഭിധാർഥം സംബന്ധിച്ച സന്ദേഹങ്ങളിലും കോടതിയ്ക്ക് ഭാഷാശാസ്ത്രജ്ഞരെ ആശ്രയിക്കേണ്ടിവരും. ടോറിസ് ഉൾക്കടലിലെ ദ്വീപുനിവാസികൾ ഉപയോഗിക്കുന്ന 'killem' എന്ന വാക്കുൾപ്പെട്ട ഒരു കേസ് ഇത്തരത്തിലുള്ളതാണ്. മാനക ഇംഗ്ലീഷിലെ kill ന് തുല്യമാണ് killem എന്ന് ആളുകൾ ഊഹിക്കാനിടയുണ്ട്. യഥാർഥത്തിൽ ആ വാക്കിന്റെ അനേകാർഥങ്ങളിലൊന്ന് മുട്ടുക (to hit) എന്നാണ്. കുറ്റവാളിയായ ഒരാൾ താൻ ചെയ്ത കാര്യങ്ങൾ വിശദീകരിക്കുന്നതിനിടെ ഉപയോഗിച്ച killem എന്ന പദത്തിന്റെ അർഥവ്യാപ്തിപരിഗണിച്ചില്ലെങ്കിൽ അയാളെ കൊലയാളിയാക്കാൻ എളുപ്പമാണ്.

കൊൽഥാഡും ജോൺസനും (2007) മറ്റൊരു സംഭവം വിവരിക്കുന്നു. യു. എസിലെ പാകിസ്ഥാൻ അംബാസഡറെ വധിക്കുവാനുള്ള ആയുധശേഖരണത്തിനായി കള്ളപ്പണം വെളുപ്പിച്ചുവെന്ന കുറ്റം ആരോപിച്ച് 2004-ൽ അമേരിക്കയിലെ ഒരു ഇറാഖി-കുർദിഷ് അഭയാർഥിയെ അറസ്റ്റുചെയ്യുകയുണ്ടായി. കുറ്റാരോപിതന്റെ പേര് വടക്കൻ ഇറാഖിലെ തീവ്രവാദപരിശീലനകേന്ദ്രത്തിൽ നിന്ന് കണ്ടെടുത്ത പട്ടികയിൽ ഉണ്ടായിരുന്നുവെന്നതും ആ പേരിന് മുമ്പ് കമാന്റർ എന്ന അർഥം വരുന്ന അറബിപദം ഉണ്ടായിരുന്നുവെന്നതുമായിരുന്നു അയാൾക്കെതിരെയുണ്ടായിരുന്ന മുഖ്യതെളിവ്. പിന്നീട് ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ നടത്തിയ ഭാഷാപരിശോധനയിൽ അറബിലിപിയിലെഴുതിയ പ്രസ്തുതപദം കുർദിഷ് ഭാഷയിലേതായിരുന്നുവെന്നും  അത് ആദരസൂചകമായ നിർദോഷപദമാണെന്നും തെളിഞ്ഞു. സന്ദർഭമനുസരിച്ച് അതിന് മിസ്റ്റർ, സഹോദരൻ തുടങ്ങിയ അർഥമാണ് ലഭിക്കുക എന്നുകൂടി തെളിയിക്കപ്പെട്ടു. ഇവിടെയെല്ലാം ഒറ്റയൊറ്റ കോശിമങ്ങളുടെ അർഥം സംബന്ധിച്ച ആധികാരികത ചികയാൻ കുറ്റാന്വേഷണ ഭാഷാശാസ്ത്രസമീപനമാണ് സഹായകമായിത്തീർന്നത്.

**പ്രകരണാർഥം**

സംഭാഷണത്തെ സംബന്ധിച്ച പോൾഗ്രൈസിന്റെ (1975) തത്വങ്ങൾ പ്രകരണവിജ്ഞാനത്തിൽ ഏറെ പ്രസിദ്ധമാണ്. കുറ്റാന്വേഷണത്തിന്റെ ഭാഗമായ സംഭാഷണവിശകലനത്തിൽ ഏറെ പ്രസക്തമാണ് ഈ തത്ത്വങ്ങൾ. ഈ തത്ത്വങ്ങളിൽ സുപ്രധാനമായ പരിമാണതത്വം (quantity mxim). സ്വാഭാവികസംഭാഷണത്തിൽ വേണ്ടത്ര വിവരമുൾക്കൊള്ളിക്കണമെന്നും വേണ്ടതിലേറെ വിവരങ്ങൾ ഉൾക്കൊള്ളിക്കരുതെന്നുമുള്ളതാണ് ഈ തത്ത്വം. ഏതൊരു സ്വാഭാവികസംഭാഷണവും വക്താവിനും ശ്രോതാവിനും ഇടയിലെ പൊതുധാരണയുടെ കൂടി അടിസ്ഥാനത്തിലാണ് വികസിക്കുന്നതെന്നും പൊതുധാരണയുണ്ടെന്ന് പരസ്പരമറിയുന്ന കാര്യങ്ങൾകൂടി സംഭാഷണത്തിൽ പരത്തിപ്പറയുന്നത് അരോചകരവും ശ്രദ്ധാവ്യതിചലനത്തിന് കാരണമാകുമെന്നും ഗ്രെയ്സ് സ്ഥാപിക്കുന്നു. ഭാഷണത്തിലെ അതിവിവരണം അസ്വാഭാവികമാണെന്ന് ചുരുക്കം. ചില കേസുകളുമായി ബന്ധപ്പെട്ട് പ്രകരണവിജ്ഞാനത്തിലൂന്നി നടത്തിയ സംഭാഷണവിശകലനം ഇത്തരം അതിവിവരണങ്ങൾ വെളിച്ചത്ത് കൊണ്ടുവരികയും അവ സ്വാഭാവികമല്ലെന്നും ചമച്ചതാണെന്നും തെളിയിക്കുകയും ചെയ്തതായി Brazil (1985) സ്ഥാപിച്ചിട്ടുണ്ട്. പദങ്ങളുടെയും പദസംഹിതകളുടെയും അർഥനിർണയത്തിൽ സന്ദർഭം പരമപ്രധാനമാണെന്ന തത്വം പ്രകരണാധിഷ്ഠിത വിശകലനത്തിൽ പ്രധാനമാണ്.

**വ്യക്തിഭാഷയും മൊഴികളിലെ ആധികാരികതയും**

വാമൊഴിയായാലും വരമൊഴിയായാലും ഏതൊരു ഭാഷകന്റെയും വൈയക്തികമായ ശൈലി അതിൽ ഊറിക്കിടക്കുമെന്ന ഭാഷാശാസ്ത്രതത്വം കുറ്റാന്വേഷണത്തിൽ പ്രയോജനപ്പെടുത്തിയതിന് ധാരാളം ഉദാഹരണം കാണാൻ സാധിക്കും. ഏതുവാക്കും ഉപയോഗിക്കുവാൻ സ്വതന്ത്രമുണ്ടെങ്കിലും ചില വാക്കുകളോടും പ്രയോഗങ്ങളോടുമുള്ള പ്രതിപത്തി വ്യക്തിഭാഷയിൽ പലപ്പോഴും പ്രകടമാണ്. ഛാന്ദസികഘടകങ്ങളാണ് വ്യക്തിഭാഷയെ സവിശേഷമാക്കുന്ന മറ്റൊന്ന്. ഇവ രണ്ടും ചേർന്ന് വിരലടയാളത്തോട് സാമ്യപ്പെടുത്താവുന്ന വിധം ഓരോ വ്യക്തിയുടെയും 'ഭാഷാടയാളം' സൃഷ്ടിക്കുന്നു. ശരാശരി വാക്യദൈർഘ്യവും കോശീയസമ്പന്നതയുമാണ് ലിഖിതമായ വ്യക്തിഭാഷയുടെ ആധികാരികത തിരിച്ചറിയുവാനുള്ള അളവുകോലുകളിൽ പ്രധാനം. വാമൊഴിയിലാവട്ടെ ഭാഷണത്തിന്റെ ഈണത്തിൽ നിന്നും താളത്തിൽനിന്നും വേഗത്തിൽനിന്നും വ്യക്തിമുദ്ര തിരിച്ചറിയാനാകും. വ്യക്തിഭാഷയെന്ന

സങ്കല്പനവുമായി ബന്ധിച്ച് പ്രമാദമായ പല കേസുകളിലെയും മൊഴികളിലെ വൈരുദ്ധ്യവും ആധികാരികതയും ലോകത്തുടനീളം തെളിയിക്കപ്പെട്ടതിന് ധാരാളം ഉദാഹരണങ്ങളുണ്ട്. അവയിൽ സുപ്രധാനമായ ഒന്നാണ് ഡെറെക് ബെന്റ്ലെയുടെ കേസ്.

വ്യക്തികേന്ദ്രീകൃതമായ കോർപസ് എപ്രകാരമാണ് കുറ്റാന്വേഷണത്തെ സഹായിക്കുന്നതെന്ന് കോൽഥാർഡും ജോൺസനും (2007) യു.കെയിലെ പ്രമാദമായ ഈ കേസിന്റെ പശ്ചാത്തലത്തിൽ തെളിയിച്ചിട്ടുണ്ട്. 1953ൽ ഒരു പോലീസുകാരന്റെ മരണത്തിൽ പങ്കുണ്ടെന്നാരോപിച്ച് ഡെറെക് ബെന്റ്ലേ എന്ന പത്തൊമ്പതുകാരനെ വധശിക്ഷക്ക് വിധേയനാക്കിയതാണ് കേസ്. ഭവനഭേദനത്തിനിടെ കൂട്ടുപ്രതിയായ ക്രൈഗ് എന്നയാളാണ് പോലിസുകാരനെ വെടിവെച്ചതെങ്കിലും പ്രേരണാകുറ്റം ചുമത്തിയാണ് ബെന്റ്ലേയ്ക്ക് വധശിക്ഷ നൽകിയത്. പോലീസിനെ ആക്രമിച്ചു എന്നല്ല, വെടിവെക്കുന്നതിന് മുമ്പ് ക്രൈഗിനോട് "Let him have it" എന്ന് പറഞ്ഞ് കൊലപാതകത്തിന് പ്രേരിപ്പിച്ചു എന്നായിരുന്നു മുഖ്യ ആരോപണം.

വധശിക്ഷ നടപ്പാക്കിയെങ്കിലും ബെന്റ്ലേക്ക് നീതി കിട്ടാനായി അദ്ദേഹത്തിന്റെ സഹോദരി ഐറിസും സഹോദരീപുത്രി മരിയയും നീണ്ട നിയമപോരാട്ടം നടത്തി. മരണാനന്തരം നിരപരാധിത്വം തെളിഞ്ഞതിനാൽ അദ്ദേഹത്തിന് മാപ്പ് നൽകുകയെന്ന വിചിത്രനടപടിയിലേക്ക് കോടതിയെ നയിച്ചത് കുറ്റാന്വേഷണ ഭാഷാശാസ്ത്രത്തിന്റെ കുറ്റമറ്റരീതിയായിരുന്നു.

ബെന്റ്ലെ നൽകിയതെന്ന് പറഞ്ഞ് പോലീസ് വകുപ്പ് കോടതിയിൽ സമർപ്പിച്ച കുറ്റസമ്മതമൊഴി വ്യാജമായിരുന്നുവെന്ന് ബെന്റ്ലെയുടെ വ്യക്തിഗതഭാഷോപയോഗത്തിലൂന്നിയ കോർപസുമായി തട്ടിച്ചുനോക്കി തെളിയിക്കാൻ ഭാഷാശാസ്ത്രജ്ഞനായ മാൽക്കം കൊൽഥാഡിനായി. കൊൽഥാഡായിരുന്നു കോടതി നിശ്ചയിച്ച ഭാഷാവിദഗ്ധൻ. കുറ്റസമ്മതമൊഴിയിലെ ചില ഭാഷാരൂപങ്ങൾ, പ്രത്യേകിച്ച് "then" എന്ന പദത്തിന്റെ അസ്വാഭാവികമായ ആവൃത്തി, ബെന്റ്ലെയുടെതല്ല ആ മൊഴിയെന്നും പോലീസ് ഭാഷയിലാണ് "then" കൂടുതലായി കാണാനാകുക എന്നും ചൂണ്ടിക്കാണിച്ചതാണ് കേസിന്റെ വിധി പുന:പരിശോധിക്കുന്നതിലേക്ക് നയിച്ചത്. ബെന്റ്ലെയുടെ വ്യക്തിഭാഷയും (idiolect) പോലീസ് ഭാഷയും ഉൾക്കൊള്ളുന്ന കോർപസാണ് ഇതിന് സഹായിച്ചത്. വധശിക്ഷ ഏറ്റുവാങ്ങി മരിച്ച ബെന്റ്ലെയെ 1998ൽ കുറ്റവിമുക്തനാക്കി.

കോടതിവിധി വന്നപ്പോഴേക്കും ദശാബ്ദങ്ങൾ നിയമപോരാട്ടം നടത്തിയ സഹോദരി ഐറിസ് കാൻസർ ബാധിതയായി മരണത്തിന് കീഴടങ്ങിയിരുന്നു. വ്യക്തിഭാഷാധിഷ്ഠിതകോർപസ് എങ്ങനെയാണ് കുറ്റാന്വേഷണത്തിന് സഹായിക്കുന്നത് എന്നതിന് ഇതുപോലെ ധാരാളം കേസുകൾ ചൂണ്ടിക്കാണിക്കാനാകും.

**കുറ്റാന്വേഷണത്തിൽ സ്വനവിജ്ഞാനികളുടെ പങ്ക്**

ഭാഷണത്തിന്റെ സർവതലസ്പർശിയായ വിശകലനമാണ് കുറ്റാന്വേഷണസ്വനവിജ്ഞാനി നടത്തുന്നത്. ഭാഷണത്തിന്റെ കൃത്യമായ സ്വനലിപ്യങ്കനം മുതൽ ഖണ്ഡാതീത സവിശേഷതയുടെ അടിസ്ഥാനത്തിന്റെ ഭാഷകന്റെ സാമൂഹികവും പ്രാദേശികവുമായ സ്വത്വം തിരിച്ചറിയുന്നതിലേക്ക് വരെ അത് നീളുന്നു. തെളിവായി ഹാജരാക്കുന്ന ഭാഷണമാതൃകകൾ യഥാർഥമാണോ കെട്ടിച്ചമച്ചതാണോ എന്നുറപ്പിക്കാനും സ്വനവിജ്ഞാനികളുടെ സേവനം പ്രയോജനപ്പെടുത്തുന്നു. സ്വനഭൗതികതത്വങ്ങൾക്ക് (Acoustic Phonetic) കുറ്റാന്വേഷണത്തിൽ സുപ്രധാന പങ്കുണ്ട്. സ്പെക്ട്രോഗ്രാമുകളുടെ സഹായത്തോടെ ഫോർമന്റുകളുടെ വിശകലനവും താനസവിശേഷതകൾ തിരിച്ചറിയലുമാണ് സ്വനഭൗതികവിശകലനത്തിൽ പ്രധാനമായി ചെയ്യുന്നത്. ഭാഷണശബ്ദത്തിന്റെ ശാസ്ത്രീയവിശകലനത്തിലൂടെ ലഭ്യമായ ശബ്ദത്തിലെ ഖണ്ഡാതീതസവിശേഷതകൾ തിരിച്ചറിയുവാനും അത് ഏതേത് പ്രദേശവുമായും ഭാഷാഭേദവുമായും ബന്ധപ്പെട്ടതാണെന്ന് പ്രവചിക്കുവാനും സാധിക്കും. ഭാഷകരെ തിരിച്ചറിയൽ (Speaker Identification) ആണ് കുറ്റാന്വേഷണസ്വനവിജ്ഞാനികൾ ഏറ്റെടുക്കുന്ന പ്രധാന കർത്തവ്യം.

കുറ്റാന്വേഷണഭാഷാശാസ്ത്രത്തിന്റെ പശ്ചാത്തലം വിവരിക്കുവാനും സമീപനങ്ങൾ സാമാന്യമായി പരിചയപ്പെടുത്തുവാനുമാണ് ഈ ലേഖനം ശ്രമിച്ചത്. ഭാഷാശാസ്ത്രത്തിന്റെ നിരവധി പ്രയുക്തമേഖലകളിലൊന്നായ കുറ്റാന്വേഷണഭാഷാശാസ്ത്രം പാശ്ചാത്യലോകത്ത് ത്വരിതഗതിയിൽ വികാസം പ്രാപിക്കുന്ന വിജ്ഞാനശാഖയാണ്. ഇന്ത്യയിൽ ഫോറൻസിക് സയൻസ് അക്കാദമികമായി ഏറെ പ്രാധാന്യം കൈവരിച്ചിട്ടുണ്ടെങ്കിലും അതിന് ഭാഷാശാസ്ത്രസാധ്യതകൾ വേണ്ടത്ര ഉൾക്കൊള്ളാനായിട്ടില്ല. കുറ്റാന്വേഷണരംഗത്ത് ഇന്ത്യയ്ക്ക് മാതൃകയായ കേരളത്തിലും ഇതിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ് വരുന്നതേയുള്ളൂ. സൈബറിടങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും സൃഷ്ടിച്ച വിപ്ലവങ്ങൾക്കൊപ്പം അവ മുന്നോട്ടവയ്ക്കുന്ന സാധ്യതകൾ ചൂഷണം ചെയ്ത് കുറ്റകൃത്യങ്ങളും പെരുകുന്നുണ്ട്. ഭാഷ നിർണായാകമായ ഇത്തരം ഇടങ്ങളിലെ

കുറ്റകൃത്യങ്ങൾ തെളിയിക്കാൻ പലപ്പോഴും ഭാഷാവിശകലനത്തെ ക്കൂടി ആശ്രയിക്കേണ്ടിവരും. കുറ്റാന്വേഷണഭാഷാശാസ്ത്രം അതിനുള്ള സാധ്യത തുറന്നുവയ്ക്കുന്നു.

**സഹായകഗ്രന്ഥങ്ങൾ**


Brazil, D.C. (1985) The Communicative Value of Intonation, Birmingham: English Language Research.

Broeders, A.P.A. and Rietveld, A.C.M. (1995) 'Speaker identifi cation by earwitnesses', in A. Braun and J.-P. Köster (eds) Studies in Forensic Phonetics, Trier: Wissenschaftlicher Verlag, 24–40.

French, J.P. (1994) 'An overview of forensic phonetics', Forensic Linguistics, 1, ii, 169–81

Grice, H.P. (1975). "Logic and Conversation," *Syntax and Semantics*, vol.3 edited by P. Cole and J. Morgan, Academic Press. Reprinted as ch.2 of Grice 1989, 22–40.

Jan Svartvik. (1968). The Evans statement: a case of forensic linguistics. Gotenberg: University of Gotenberg

Kaplan, J.P., Green G.M., Cunningham, C.D. and Levi J.N. (1995) 'Bringing linguistics into judicial decision making: semantic analysis submitted to the US Supreme Court', Forensic Linguistics, 2, i, 81–98.

Levi, J.N. (1993) Language as evidence: the linguist as expert witness in North American Courts. Forensic Linguistics, 1, i, 1–26.

Malcom Coulthard and Alison Johnson. (2007). An Introduction to Forensic Linguistics: Language in Evidence. London: Routledge

Philbrick, F.A. (1949) Language and the Law: The semantics of forensic English, New York: Macmillan

Roy Monsefi. (2012). Language in Criminal Justice: Forensic Linguistics in Shipman trail. International Journal of Law, Language & Discourse 2 (2), 43-69

Shuy, (1993) Language Crimes: the use and abuse of language evidence in the courtroom, Cambridge, MA: Blackwell.



**ഡോ. സെയ്തലവി സി**

അസോസിയേറ്റ് പ്രൊഫസർ

മലയാളസർവകലാശാല